**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3382** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ നിലവാര സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ വിദ്യാഭ്യാസ നിലവാര സർവേയിൽ സംസ്ഥാനത്തിന് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2024-ലെ ദേശീയ വിദ്യാഭ്യാസ സർവെയിൽ സംസ്ഥാ നത്തിന് മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ സാധിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ കേരളം രണ്ടാംസ്ഥാനത്തെത്തിയിട്ടുണ്ട്. 3, 6, 9 എന്നീ ക്ലാസുകളിലാണ് ദേശീയ വിദ്യാഭ്യാസ സർവെ നടന്നത്. |
| (ബി) | ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് കൈക്കൊണ്ട പ്രത്യേക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് കൈക്കൊണ്ട പ്രത്യേക നടപടികൾ ചുവടെ പറയുന്നു.<br>1. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി.<br>2.സബ്ജക്ട് മിനിമം പദ്ധതി<br>3.പഠന പോഷണ പരിപാടികൾ<br>4.നൂതനാശയ പ്രവർത്തനങ്ങൾ<br>5.രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രവർത്തനങ്ങൾ.<br>6.അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കി അതിന്റെ അടി സ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ<br>7.അക്കാദമിക മോണിറ്ററിംഗ്<br>8.അധ്യാപക പരിശീലനങ്ങളും ക്ലസ്റ്റർ പരിശീലനങ്ങളും<br>9.ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി പ്രവർത്തനങ്ങൾ<br>10. പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ. |
| (സി) | ദേശീയ പാഠ്യപദ്ധതി സർവേയിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾ നേടിയ മുന്നേറ്റം സംബന്ധിച്ച് സർക്കാരിന്റെ വിലയിരുത്തൽ എന്താണെന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ, കൈറ്റ്, വിദ്യാകിരണം മിഷൻ, ഡയറ്റുകൾ തുടങ്ങിയ വിവിധ ഏജൻസികളുടെ ഏകോപനം-സഹകരണത്തോടെയുള്ള മാതൃകാപരമായ പ്രവർത്തനങ്ങളുടെയും നിരന്തര |

| | | | |
|---|---|---|---|
| | | | പരിശീലനങ്ങളുടെയും ഫലപ്രദമായ ഇടപെടലുകളുടെയും കൂട്ടായ മോണിറ്ററിംഗിന്റെയും ഫലമായിട്ടുണ്ടായിട്ടുള്ളതാണ്. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ വർധിച്ചതും ഗുണമേന്മാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതും എല്ലാ അധ്യാപകരും പൂർണയോഗ്യത നേടിയിട്ടുള്ള സ്ഥിരാധ്യാപകരായതും അധ്യാപകർക്ക് അവധിക്കാലത്തും തുടർന്നും കൃത്യമായി പരിശീനം നൽകുന്നതും തദ്ദേശ സ്വയംഭരണം, സാമൂഹ്യക്ഷേമം, ആരോഗ്യം, എസ്.സി, എസ്.റ്റി ആഭ്യന്തരം, എക്സൈസ് തുടങ്ങിയ വകുപ്പുകളുമായുള്ള ഏകോപന പ്രവർത്തനങ്ങളും പാഠപുസ്തകങ്ങൾ വളരെ നേരത്തെ കുട്ടികൾക്ക് ലഭ്യമാക്കുന്നതും മികച്ച പി.ടി.എ./എസ്.എം.സി പ്രവർത്തനങ്ങളും മികച്ച വിദ്യാർത്ഥി-അധ്യാപക അനുപാതവും, ഹൈടെക് സ്കൂളുകളും സ്മാർട്ട് ക്ലാസ്മുറികളും അക്കാദമിക മോണിറ്ററിംഗും എല്ലാം കേരളത്തിനു ലഭിച്ച മുന്നേറ്റത്തിനു കാരണമായിട്ടുണ്ട് |
| (ഡി) | വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാ പുരോഗതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ആസൂത്രണം ചെയ്യുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാ പുരോഗതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു. പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി<br>2.സബ്ജക്ട് മിനിമം സമ്പ്രദായം<br><br>3. പാഠപുസ്തക പരിഷ്കരണത്തിന്റെ പൂർത്തീകരണവും അധ്യാപക സഹായികൾ ലഭ്യമാക്കലും.<br>4. മികവാർന്ന അധ്യാപക പരിശീലനം<br>5. ടീച്ചർ പ്രൊഫഷണലിസം വർധിപ്പിക്കുന്നതിനുള്ള പരിശീലനം<br>6. അക്കാദിക മോണിറ്ററിംഗ് ശക്തിപ്പെടത്തൽ<br>7.മൂല്യനിർണയപരിഷ്കരണം.<br>8. അക്കാദിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ<br>9. സ്പെഷ്യൽ എന്റിച്ച്മെൻറ് പ്രോഗ്രാമുകൾ<br>10.കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ